(സി) അനുബന്ധമായി കൊടുത്തിരിക്കുന്ന എഗ്രിമെന്റിൽ മാത്രമെ കേരള സർക്കാർ ഒപ്പുവച്ചിട്ടുള്ളൂ.

(ഡി) സർക്കാർ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് വിശദമായ പ്രവർത്തന പദ്ധതിയുടെ രൂപീകരണം പൂർത്തിയായിട്ടുണ്ട്. പ്രതിമാസ യോഗങ്ങളിലൂടെ സർക്കാർ നവീകരണ പരിപാടിക്ക് വേണ്ടിയിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായിട്ടുള്ള ഉപ പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള പ്രോജക്ട് മോണിറ്ററിംഗ് സോഫ്റ്റ്വെയറും തയ്യാറായിട്ടുണ്ട്. സാമ്പത്തിക പരിഷ്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ഇ) ഇല്ല.

എ. ഡി. ബി.-യിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്

8 [1015] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.-യിൽ നിന്നും സർക്കാർ ഇതിനകം എടുത്ത വായ്പ പലിശ സഹിതം എന്നു മുതലാണ് തിരിച്ചടയ്ക്കേണ്ടത്;

(ബി) എത്ര തവണകളായി എത്ര രൂപവീതം തിരിച്ചടയ്ക്കണം;

(സി) ഓരോ തവണയോടൊപ്പം പലിശയും നൽകേണ്ടതുണ്ടോ;

(ഡി) എങ്കിൽ ഓരോ തവണയും നൽകേണ്ടിവരുന്ന മുതൽ എത്രയെന്നും പലിശ എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) എ. ഡി. ബി.-യിൽ നിന്നും സംസ്ഥാന സർക്കാർ നേരിട്ട് വായ്പ യൊന്നും വാങ്ങിയിട്ടില്ല. സംസ്ഥാന സർക്കാരിനുവേണ്ടി കേന്ദ്ര സർക്കാരാണ് എ. ഡി. ബി.-യിൽ നിന്നും വായ്പ എടുത്തിട്ടുള്ളത്. ഇത് അധിക കേന്ദ്ര സഹായമായാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്. എ. ഡി. ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ വഴി ലഭിക്കുന്ന ലോണിന്റെ തിരിച്ചടവ് കാലാവധി 20 വർഷമാണ്. ആദ്യത്തെ അഞ്ചു കൊല്ലത്തേക്ക് മുതലിന്റെ തിരിച്ചടവില്ല. ഈ കാലയളവിൽ പലിശ നൽകേണ്ടതുണ്ട്. ബാക്കി പതിനഞ്ചുകൊല്ലം കൊണ്ട് മുതൽ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly